LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഭവന-മോട്ടോർ വാഹന വായ്പ

7 [T5461] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം സെക്രട്ടേറിയറ്റിലെ എത്ര ജീവനക്കാരുടെ പേരിൽ ഭവന വായ്പകളും വാഹന വായ്പകളും നിലവിലുണ്ട്;

(ബി) പ്രസ്തുത വായ്പകളുടെ തിരിച്ചടവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ജീവനക്കാർക്ക് നൽകാറുണ്ടോ;

(സി) എങ്കിൽ ഏത് കാലയളവ് വരെയുള്ള സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്ക് വായ്പകളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പേരിൽ 2,953 ഭവന വായ്പയും, 4,163 മോട്ടോർ വാഹന വായ്പയും നിലവിലുണ്ട്.

(ബി) നിലവിൽ തിരിച്ചടവിനെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുന്നില്ല. എന്നാൽ ആവശ്യപ്പെടുന്ന ജീവനക്കാർക്ക് സ്റ്റേറ്റ്മെന്റ് നൽകാറുണ്ട്.

(സി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി). 31-3-2003 വരെയുള്ള ലോൺ സംബന്ധമായ മിച്ച വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

നികുതി ഇളവുകൾ

8 [5462] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിഭാഗങ്ങൾക്കാണ് വിവിധ തരത്തിലുള്ള നികുതി ഇളവുകൾ നൽകിയതെന്നും ആയതുകൊണ്ട് സർക്കാരിന് വരുമാനത്തിൽ എന്ത് കുറവ് വന്നിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) നികുതിയിളവ് നൽകിയതിന് എന്തായിരുന്നു മാനദണ്ഡം എന്ന് വ്യക്തമാക്കാമോ;

(സി) കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്കും ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്കും ഉണ്ടായിരുന്ന നികുതിയിൽ ഏതെല്ലാം വിഭാഗത്തിനാണ് ഇളവ് അനുവദിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) പുതിയതായി ഏതൊക്കെ ഇനങ്ങൾക്ക് നികുതിയിളവ് നൽകുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.